## സർവ്വകലാശാല ലൈബ്രറികളുടെ നവീകരണം

7 (*547) ശ്രീ. വർക്കല കഹാർ :
ശ്രീ.ജി. കാർത്തികേയൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികളുടെ സമൂലമായ നവീകരണത്തിന് ഈ അദ്ധ്യായന വർഷം പുതിയ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അന്തർദേശീയ നിലവാരത്തിലുയർത്താനും റഫറൻസിനും പഠനത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്താനും എല്ലാ സർവ്വകലാശാല ലൈബ്രറികളേയും സജ്ജമാക്കുന്നതിനായി ഒരു ഏകീകൃതമായ നടപടിക്രമത്തിന് രൂപം നൽകുമോ ;

(സി) കണ്ണൂർ സർവ്വകലാശാലയ്ക്ക് ലൈബ്രറി ആരംഭിക്കുവാൻ എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയാമോ ;

(ഡി) സർവ്വകലാശാല ലൈബ്രറികളെ അന്താരാഷ്ട്ര നിലവാരമുള്ള റഫറൻസ് പഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അന്തർദേശീയ ലൈബ്രറികളായും മറ്റ് ഇൻഫർമേഷൻ കേന്ദ്രങ്ങളുമായും സാങ്കേതിക വിജ്ഞാനം കൈമാറുന്നതിനു നടപടി സ്വീകരിക്കുമോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ബി) സർവ്വകലാശാല ലൈബ്രറികളുടെ ആധുനികവൽക്കരണത്തിനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും 30 കോടി രൂപ ചെലവഴിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കണ്ണൂർ യൂണിവേഴ്സിറ്റി താവക്കരയിൽ ഏറ്റെടുത്തിട്ടുള്ള 13.74 ഏക്കർ സ്ഥലത്ത് യൂണിവേഴ്സിറ്റി ലൈബ്രറി കോംപ്ലക്സ് നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റി സമർപ്പിച്ച 22 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സംസ്ഥാന സർക്കാർ നൽകിയ 3 കോടി രൂപയുടെ പ്രത്യേക ഗ്രാന്റ് ഉപയോഗിച്ച് ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കേരള സർവ്വകലാശാല ലൈബ്രറിയുടെ റഫറൻസ് വിഭാഗം പീരിയോഡിക്കൽ വിഭാഗം, സ്റ്റോക്ക് റൂം എന്നിവ ആധുനികവൽക്കരിച്ചിട്ടുണ്ട്. കേരള പഠനവുമായി ബന്ധപ്പെട്ട രണ്ടായിരത്തോളം അപൂർവവും പുരാതനവുമായ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. യു.ജി.സി.-ഇൻഫോനെറ്റ് ഈ-ജേണൽ കൺസോർഷ്യയിൽ കേരള സർവ്വകലാശാലയ്ക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാലയും ഈ-കൺസോർഷ്യം വഴി അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. മഹാത്മാ ഗാന്ധി സർവ്വകലാശാല 1991-2008 വരെ അവാർഡ് ചെയ്തിട്ടുള്ളതിൽ 1088 പി.എച്ച്.ഡി. തീസിസ്സുകൾ ഓൺ ലൈൻ ആക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly